**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : ഡോ. സുമി ചെറിയാൻ കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ 3 അറ്റൻഡർമാർക്ക് ലാബ് അസിസ്റ്റന്റുമാരായി സ്ഥാനക്കയറ്റം നല്കി 25,100 -- 57,900 രൂപാ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/274/2025-E1 തിരുവനന്തപുരം, തീയതി : 21-08-2025

---

പരാമർശം:- 1. ജി.ഒ. (പി) നം. 116/75/അഗ്രി. (ഡെയറി 1), തീയതി : 07.07.2025.

2. സ.ഉ. (അച്ചടി) നം. 378/72/പി.ഡി., തീയതി : 28.09.1972.

3. സ.ഉ. (അച്ചടി) നം. 258/2011/എ.ഡി., തീയതി : 25.11.2011.

4. വകുപ്പിലെ അറ്റൻഡർമാരുടെ 01.01.2025 പ്രാബല്യത്തിലെ സീനിയോറിറ്റി ലിസ്റ്റ്.

5. ഈ കാര്യാലയത്തിൽ നിന്നുള്ള 07.07.2025 ലെ മേൽനമ്പർ ഉത്തരവ്.

6. ഈ കാര്യാലയത്തിൽ നിന്നുള്ള 06.08.2025 ലെ സർക്കുലർ നം. 49/2025.

7. കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12.08.2025 ലെ DDKNR/882/2025-A നമ്പർ കത്തും അനുബന്ധ രേഖകളും.

8. തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 11.08.2025 ലെ DDTSR/731/2025-A നമ്പർ കത്തും അനുബന്ധ രേഖകളും.

9. ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിലെ അറ്റൻഡറായ ശ്രീ. പ്രവീൺ പി.എസ്. ന്റെ സമ്മതപത്രവും അനുബന്ധ രേഖകളും.

**ഉത്തരവ്**

മേൽപരാമർശം (1) മുതൽ (3) വരെ സർക്കാർ ഉത്തരവുകളുടെയും KS & SSR Rule 28 a, 28 e എന്നിവയ്ക്ക് വിധേയമായും മേൽപരാമർശം (4) പ്രകാരമുള്ള

അറ്റൻഡർമാരുടെ 01.01.2025 പ്രാബല്യത്തിലെ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലും മേൽപരാമർശം (7), (8), (9) പ്രകാരം ഈ കാര്യാലയത്തിൽ ലഭിച്ചിരിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലും വകുപ്പിൽ നിലവിൽ ഒഴിവുള്ള 3 ലാബ് അസിസ്റ്റന്റ് തസ്തികകളിലേക്ക് ക്ഷീരവികസന വകുപ്പിലെ അർഹരായ 3 അറ്റൻഡർമാർക്ക് താഴെപ്പറയും വിധം 25,100 -- 57,900 രൂപാ ശമ്പള സ്കെയിലിൽ ലാബ് അസിസ്റ്റന്റുമാരായി വകുപ്പുതല ബൈ-ട്രാൻസ്ഫർ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | അറ്റൻഡറുടെ പേര്, (PEN.), നിലവിലെ കാര്യാലയം, ജില്ല | ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്ന കാര്യാലയം, ജില്ല | ഒഴിവ് ഉണ്ടായ വിധം |
|---|---|---|---|
| 1 | ശ്രീമതി. ബീന ചക്കരേൻ, (അറ്റൻഡർ - ഗ്രേഡ് 2) (632657) ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, കണ്ണൂർ. | ഗുണനിയന്ത്രണ കാര്യാലയം, മലപ്പുറം. | ടി കാര്യാലയത്തിലെ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. ഷിജു കെ.പി.യ്ക്ക് വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്കായി നിയമനം ലഭിച്ചതിനെത്തുടർന്ന് ഉണ്ടായ ഒഴിവ് |
| 2 | ശ്രീ. വിനുരാജ് സി.വി. (492890) (അറ്റൻഡർ - ഗ്രേഡ് 2) ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, തൃശ്ശൂർ. | ഗുണ നിയന്ത്രണ കാര്യാലയം, കോഴിക്കോട്. | ടി കാര്യാലയത്തിലെ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. ബിജു കെ.യ്ക്ക് ലാബ് ടെക്നീഷ്യനായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്. |
| | | | |

| | | | |
|---|---|---|---|
| 3 | ശ്രീ. പ്രവീൺ പി.എസ്.<br>(അറ്റൻഡർ - ഗ്രേഡ് 2)<br>(249308),<br>ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | ഗുണ നിയന്ത്രണ<br>കാര്യാലയം,<br>പത്തനംതിട്ട. | ടി കാര്യാലയത്തിലെ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. വിജയൻ നായർ കെ.യ്ക്ക് ജലഗതാഗത വകുപ്പിൽ ക്ളർക്കായി നിയമനം ലഭിച്ചതിനെത്തുടർന്ന് ഉണ്ടായ ഒഴിവ് |

ടി ജീവനക്കാരെ നിലവിലെ കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വിവരവും ബന്ധപ്പെട്ട ജില്ലാ മേലധികാരികൾ ഈ കാര്യാലയത്തിലേക്ക് എത്രയും വേഗം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ലാബ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ കാലയളവ് ആയിരിക്കുന്നതാണ്.

Signed by
Sumi Cherian
Date: 21-08-2025 14:28:00

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**

**(PEN. 636653)**

To :- ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട).

2) ഗുണനിയന്ത്രണ ഓഫീസർമാർ മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട) (ഡി.ഡി. മുഖേന).

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്).

6) ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡെയറി ലാബ്).

7) ഈ കാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും.

8) മറ്റെല്ലാ  ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

10) ഈ ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും.

11) ഡെയറി ഫാം ഇൻസ്ട്രക്ടർ,  TC & IT Cell, ഡയറക്ടറേറ്റ് (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിനായി).

12) ഇ3 സീറ്റ് - തുടർനടപടികൾക്കായി.

12) ഈ കാര്യാലയത്തിലെ മറ്റെല്ലാ  സീറ്റുകൾക്കും.

13) നോട്ടീസ് ബോർഡ്.